(സി) അല്ല. എന്നാൽ പണം ചെലവഴിക്കുന്നതിന് മറ്റേതു വകുപ്പിലെയും എന്നതുപോലെ എം.ജി.പി. കൈകാര്യം ചെയ്യുന്ന പൊതുഭരണ വകുപ്പും ധനകാര്യ വകുപ്പിന്റെ അംഗീകാരം തേടേണ്ടതുണ്ട്. കൂടാതെ ഒരു കോടി രൂപ വരെ ചിലവഴിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിക്ക് പ്രത്യേക അധികാരവും നൽകിയിട്ടുണ്ട്.

2000-2001 വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്ലാൻ ഫണ്ട്

4 [1973] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2001 വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്ലാൻ ഫണ്ട് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) അതിൽ എത്ര തുക പഞ്ചായത്തുകൾക്ക് കൈമാറി;

(സി) പ്രസ്തുത വർഷത്തിൽ പ്ലാൻ വിഹിതം തടഞ്ഞുവയ്ക്കേണ്ടതായ സാഹചര്യം ഉണ്ടായിരുന്നോ;

(ഡി) എങ്കിൽ എത്ര തുക തടഞ്ഞുവച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2000-2001 വർഷത്തെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി 1045 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) അതിൽ 748.05 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി.

(സി) പ്രസ്തുത വർഷത്തിൽ അനുവദിച്ചു നൽകിയ പദ്ധതിവിഹിതം തടഞ്ഞുവച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

റവന്യു കമ്മി

5 [1974] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തികവർഷം റവന്യു കമ്മി എത്ര രൂപയാണെന്നറിയിക്കാമോ;

(ബി) 2003-2004 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ റവന്യു കമ്മി എത്ര രൂപയായിരിക്കുമെന്നാണ് നിജപ്പെടുത്തിയിരുന്നത്;

(സി) റവന്യു കമ്മി വർദ്ധിച്ചിട്ടുണ്ടെങ്കിൽ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly